# പാടി സ്തുതിച്ചപ്പോൾ ഉള്ള ജയം

## 2 ദിനവൃത്താന്തം 20:22

“അവർ പാടി സ്തുതിച്ചു തുടങ്ങിയപ്പോൾ: യഹോവ യെഹൂദെക്കു വിരോധമായി വന്ന അമ്മോന്യരുടേയും മോവാബ്യരുടെയും സേയീർ പർവ്വതക്കാരുടേയും നേരേ പതിയിരുപ്പുകാരെ വരുത്തി; അങ്ങനെ അവർ തോറ്റുപോയി.”

ഇവിടെ നാം കാണുന്നത് യെഹൂദാ രാജാവായ യെഹോശാഫാത്തിന്റെ നേരേ യുദ്ധത്തിനു വരുന്ന വലിയ ജനസമൂഹം: മോവാബ്യർ, അമ്മോന്യർ, മെയൂന്യരിൽ ചിലർ. ഈ കാര്യം രാജാവിനെ ചിലർ വന്ന് അറിയിക്കുന്നു. ഈ വാർത്ത കേട്ട യെഹോശാഫാത്ത് ഭയപ്പെട്ട് തങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവയെ അന്വേഷിപ്പാൻ താൽപര്യപ്പെട്ട് രാജ്യത്തൊക്കെയും ഒരു ഉപവാസം പ്രസിദ്ധം ചെയ്തു. അങ്ങനെ സകല യെഹൂദാ നഗരങ്ങളിൽ നിന്നും അവർ ഒന്നിച്ചുകൂടി യഹോവയെ അന്വേഷിപ്പാൻ വന്നു. അങ്ങനെ രാജാവ് യഹോവയുടെ ആലയത്തിൽ പുതിയ പ്രാകാരത്തിന്റെ മുമ്പിൽ യഹൂദായുടെയും യെരുശലേമിന്റെയും സഭാമദ്ധ്യേ നിന്നുകൊണ്ടു പറഞ്ഞതെന്തെന്നാൽ ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവേ നീ സ്വർഗ്ഗസ്ഥനായ ദൈവം, നീ ജാതികളുടെ സകല രാജ്യങ്ങളെയും ഭരിക്കുന്നുവല്ലോ. ആർക്കും എതിർപ്പാൻ കഴിയാത്ത ശക്തിയും പരാക്രമവും നിനക്കുണ്ടല്ലോ. ഞങ്ങളുടെ ദൈവമേ, നീ നിന്റെ ജനമായ യിസ്രായേലിന്റെ മുമ്പിൽ നിന്ന് ഈ ദേശത്തിലെ നിവാസികളെ നീക്കിക്കളഞ്ഞ് അതു നിന്റെ സ്നേഹിതനായ അബ്രഹാമിന്റെ സന്തതിക്കു ശാശ്വതമായി കൊടുത്തല്ലോ. അവർ തങ്ങൾക്ക് എന്തെങ്കിലും അനർത്ഥങ്ങൾ വരുമ്പോൾ ഈ ആലയത്തിന്റെ മുമ്പിലും നിന്റെ സന്നിധിയിലും നിന്നു – നിന്റെ നാമം ഈ ആലയത്തിൽ ഉണ്ടല്ലോ – ഞങ്ങളുടെ സങ്കടത്തിൽ നിന്നോടു നിലവിളിക്കുകയും നീ കേട്ടു രക്ഷ വരുത്തുകയും ചെയ്യും എന്നു പറഞ്ഞു. അതിനുശേഷം 12-ാം വാക്യത്തിൽ നാം കാണുന്നത് തങ്ങളുടെ നേരേ വരുന്ന സമൂഹത്തെ നോക്കി തന്നെത്താൻ താഴ്ത്തുന്ന രാജാവിനെയാണ് അവിടെ ഇപ്രകാരം കാണുന്നത്. “ഞങ്ങളുടെ നേരെ വരുന്ന ഈ വലിയ സമൂഹത്തോടെതിർപ്പാൻ ഞങ്ങൾക്കു ശക്തിയില്ല, എന്തു ചെയ്യേണ്ടു എന്ന് അറിയുന്നതുമില്ല; എങ്കിലും ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു തിരിഞ്ഞിരിക്കുന്നു.” ഇവിടെ യഹൂദ്യരൊക്കെയും തങ്ങളുടെ കുടുംബസമേതം യഹോവയുടെ സന്നിധിയിൽ നിന്നു. അപ്പോൾ സഭാമദ്ധ്യേ യഹോവയുടെ ആത്മാവ് സെഖര്യാവിന്റെ മകൻ യഹസീയേൽ എന്ന ഒരു ലേവ്യന്റെ മേൽ വന്നു. അവൻ പറഞ്ഞത് എന്തെന്നാൽ ഈ വലിയ സമൂഹം നിമിത്തം ഭയപ്പെടരുത്,

ഭ്രമിക്കുകയും അരുത്. യുദ്ധം നിങ്ങളുടേതല്ല. ദൈവത്തിന്റേതത്രേ. നാളെ അവരുടെ നേരേ ചെല്ലുവിൻ. ഈ പടയിൽ പൊരുതുവാൻ നിങ്ങൾക്ക് ആവശ്യം ഇല്ല; നിങ്ങൾ സ്ഥിരമായി നിന്നു യഹോവ നിങ്ങൾക്കു വരുത്തുന്ന രക്ഷ കണ്ടുകൊൾവിൻ. ഭയപ്പെടരുത്, ഭ്രമിക്കയും അരുത്. യഹോവ നിങ്ങളോടു കൂടെ ഉണ്ട്. അങ്ങനെ അവർ യുദ്ധത്തിനു പുറപ്പെടുന്നതും വിശുദ്ധാലങ്കാരം ധരിച്ചു സൈന്യത്തിനു മുമ്പിൽ നടന്നുകൊണ്ടു വാഴ്ത്തുന്നതും യഹോവയെ സ്തുതിക്കുന്നതായും കാണാം. അങ്ങനെ പാടി സ്തുതിച്ചപ്പോൾ ശത്രുക്കളുടെ മേൽ ജയം വരുത്തിയ യഹോവയെ ആണ് നാം വചന ഭാഗത്തിൽ കാണുന്നത്.

ഇവിടെ രാജാവ് തന്റെ പ്രതിസന്ധിയിൽ ആദ്യമായി യഹോവയെയാണ് അന്വേഷിക്കുന്നത്. പിന്നെ തന്നെത്താൻ താഴ്ത്തി യഹോവയിൽ ആശ്രയിച്ചു വിശ്വസിക്കുന്നതു കാണാം. ഇന്ന് ഈ ലോകജീവിതത്തിൽ നാം ആയിരിക്കുമ്പോൾ അനേകം പ്രതിസന്ധികൾ, കഷ്ടങ്ങൾ, ശോധനകൾ വരുമ്പോൾ ഇത്രത്തോളം നമ്മെ കരുതിയ നമ്മുടെ ആവശ്യങ്ങൾ മുന്നമേ അറിഞ്ഞു ചെയ്യുന്ന ദൈവസന്നിധിയിലാണോ നാം ആദ്യം കടന്നു ചെല്ലുന്നത്; അതോ നമ്മുടെ തന്നെ ബുദ്ധിക്ക് അനുസരിച്ചാണോ പ്രവർത്തിക്കുന്നത്? നമ്മേ തന്നെ താഴ്ത്തിക്കൊണ്ട് നാം ഏതുമില്ല, ഒന്നുമില്ല അപ്പാ അങ്ങയുടെ ശക്തി കൂടെയില്ലെങ്കിൽ എനിക്കു ഒന്നും ചെയ്യുവാൻ സാധ്യമല്ല എന്ന ബോധ്യത്തോടെ, അപ്പന്റെ സാന്നിദ്ധ്യത്തിന്റെ മറവിൽ ആയിരിക്കാം. ഈ മഹോന്നതനായ ദൈവം നമുക്കുവേണ്ടി യുദ്ധം ചെയ്യുന്നവൻ, അവൻ സ്തുത്യനും രാജാധിരാജാവുമാണ്, അവൻ സർവ്വവ്യാപിയും, സർവ്വശക്തനും, സർവ്വജ്ഞാനിയുമാണ്. എല്ലാ മഹത്വവും പുകഴ്ചയും പിതാവിന്. അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ അവനെ പാടി സ്തുതിച്ചു അവനിൽ മാത്രം വിശ്വാസം അർപ്പിച്ചു നമുക്കു ജീവിക്കാം. പ്രത്യാശയോടെ കാത്തിരിക്കാം. അതിനു ദൈവം നമ്മേ ഓരോരുത്തരേയും സഹായിക്കട്ടെ. ആമേൻ.

**പരാമർശം**

സങ്കീർത്തനം 150:6

ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ, യഹോവയെ സ്തുതിപ്പിൻ.

സങ്കീർത്തനം 147:11

തന്നെ ഭയപ്പെടുകയും തന്റെ ദയയിൽ പ്രത്യാശ വെക്കുകയും ചെയ്യുന്നവരിൽ യഹോവ പ്രസാദിക്കുന്നു.

**സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 016**